8. പാസ്ച്ചറൈസ്ഡ് ടോൺഡ് റീ കോൺസ്റ്റിറ്റ്യൂട്ടഡ് എന്നിവ ഉൾപ്പെടുന്ന പാൽ.

9. സ്റ്റീം ബോയ്ലർ.

10. വി-സാറ്റ് ആന്റിന, ഡിഷ് ആന്റിന, സിഗ്നൽ ട്രാൻസ്മിഷൻ ഉപകരണങ്ങൾ.

11. ടെലി കമ്മ്യൂണിക്കേഷൻ കേബിൾ.

12. ഇരുമ്പിലോ, സ്റ്റീലിലോ അല്ലാതെയുള്ള വാതിലുകളും ജനലുകളും

13. ഇരുമ്പിലോ, സ്റ്റീലിലോ നിർമ്മിച്ച ജനലുകളും വാതിലുകളും

14. പൊളിച്ചെടുത്തതുൾപ്പെടെയുള്ള ട്രാൻസ്മിഷൻ ടവറുകൾ.

15. ഗ്രാനൈറ്റ് ആർട്ട് ഫിലിം.

16. എക്സറേയും, സി. റ്റി. സ്കാൻ ഫിലിമും.

(ബി) ഇതിന് രാഷ്ട്രപതിയുടെ അനുമതി ആവശ്യമില്ല.

(സി) ചോദ്യം ബാധകമല്ല.

വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ

*11 [662] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

„ വി. കെ. ചന്ദ്രൻ:

„ ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾ സംസ്ഥാനത്ത് പാലിക്കുന്നുണ്ടോ;

(സി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് വനഭൂമി വിട്ടുതരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) വനേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്ന വനഭൂമിക്കുപകരം വനവൽക്കരണം നടത്താത്തതുമൂലം വനഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വനഭൂമി വനേതരാവശ്യങ്ങൾക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ കാര്യക്ഷമമായ രീതിയിൽ നടത്തുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(എഫ്) വനവത്ക്കരണത്തിനായി വച്ചുപിടിപ്പിക്കുന്ന ചെടികളുടെ അതിജീവന ത്തെക്കുറിച്ച് വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) 1. വനേതരാവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്ന വനഭൂമി റിസർവ് വനമായി തുടരും.

2. വനേതരാവശ്യങ്ങൾക്ക് വിട്ടുകൊടുത്ത വനഭൂമിയുടെ തുല്യമായ വനേതര സ്ഥലം വനം വകുപ്പിന് ബദൽ വനവൽകരണത്തിനുവേണ്ടി കൈമാറണം. ടി സ്ഥലം വനവൽക്കരിക്കുന്നതിന് ആവശ്യമായ തുക വനം വകുപ്പിൽ ഒടുക്കണം. ബദൽ വനവൽക്കരണത്തിന് വനേതരസ്ഥലം ലഭ്യമല്ലെങ്കിൽ കൈമാറിയ വനഭൂമിയുടെ ഇരട്ടി വിസ്തീർണ്ണമുള്ള പ്രക്ഷീണ വനം വനവൽക്കരിക്കുന്നതിനുള്ള തുക വനം വകുപ്പിന് നൽകണം.

3. കൈമാറിയ വനഭൂമിയുടെ Net Present Value (NPV) സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കനുസരിച്ച് ഉപഭോക്തൃ ഏജൻസി വനം വകുപ്പിന് നൽകണം.

4. ഏത് ആവശ്യത്തിനാണോ വനഭൂമി വിട്ടുകൊടുത്തത് ആ ആവശ്യ ത്തിന് മാത്രമേ വനഭൂമി ഉപയോഗിക്കാവൂ.

5. കൂടാതെ വനഭൂമി വിട്ടുകൊടുക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കു മ്പോൾ കേന്ദ്ര സർക്കാരോ, സംസ്ഥാന സർക്കാരോ കോടതികളോ പ്രത്യേകമായി നിർദ്ദേശിക്കുന്ന വ്യവസ്ഥകൾകൂടി പാലിക്കേണ്ടതാണ്.

(ബി) ഉണ്ട്.

(സി) വനഭൂമി വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് താഴെപ്പറയുന്ന കാര്യങ്ങൾക്കായാണ്.

1. 1-1-1977-നു മുമ്പ് കയ്യേറിയ വനഭൂമി റെഗുലറൈസ് ചെയ്ത് പട്ടയം നൽകുന്നതിനായി.

2. റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, ഓയിൽപാം ലിമിറ്റഡ്, കേരളാ ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുതലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൃഷി ആവശ്യത്തിനായി.

3. ജലവൈദ്യുത പദ്ധതികൾക്കായി.

LIBRARY ARCHIVES Kerala Legislative Assembly

4. ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾക്കായും, പാർക്കിംഗ് തുടങ്ങി മറ്റു വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിനായും.
5. വനത്തിലുള്ള തോടുകളിൽനിന്ന് മണൽ ശേഖരിക്കുന്നതിനായി.
6. റോഡ് നിർമ്മാണം മുതലായ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി.
7. ജലസേചന പദ്ധതിക്കൾക്കായി.

(ഡി) വനേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്ന വനഭൂമി ചട്ടപ്രകാരം റിസർവ്വ് വനമായിത്തന്നെ തുടരുന്നതിനാൽ വനഭൂമിയുടെ വിസ്തീർണ്ണം റിക്കാർഡുപ്രകാരം കുറയുന്നതായി കണക്കാക്കപ്പെടുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

സോഷ്യൽ ഫോറസ്ട്രിയുടെ റീജിയണൽ കൺസർവേറ്റർമാരും അതാത് ജില്ലയിലെ അസിസ്റ്റന്റ് കൺസർവേറ്റർമാരും കാലാകാലങ്ങളിൽ വനവൽക്കരണത്തിനായി വച്ചുപിടിപ്പിക്കുന്ന ചെടികളുടെ അതിജീവനത്തെക്കുറിച്ച് വിലയിരുത്തുന്നുണ്ട്. കൂടാതെ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം ചീഫ് കൺസർവേറ്ററും കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികളും ചെടികളുടെ അതിജീവനത്തെക്കുറിച്ച് വിലയിരുത്തുന്നുണ്ട്. 2003-2004-ൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടത്തിയ അവലോകനത്തിൽ അതിജീവനം 68% മുതൽ 83% ആണെന്ന് കണ്ടിട്ടുണ്ട്.

ആനകളുടെ സംരക്ഷണം

*12 [663] *ശ്രീ. ജോർജ്ജ് ജെ. മാത്യു:*

„ *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൽ വളർത്തുന്ന ആനകളുടെ സംരക്ഷണം സംബന്ധിച്ച് നിയമ വ്യവസ്ഥകൾ നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഗജോത്സവം നടത്തുമ്പോൾ എന്തെല്ലാം വിധത്തിലുള്ള സംരക്ഷണങ്ങളാണ് ഏർപ്പെടുത്തേണ്ടത്;

(സി) പ്രസ്തുത സംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതെപ്രകാരമാണ്;

(ഡി) ടാറിട്ട റോഡുകളിൽക്കൂടി ഉച്ചസമയത്ത് ആനകളെ നടത്തിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) ഉണ്ട്. സർക്കാർ ഉത്തരവ് (പി) നമ്പർ 12/03/വനം വകുപ്പ് തീയതി 26-2-2003 പ്രകാരം കേരളത്തിലെ സ്വകാര്യ ആനകളുടെ സംരക്ഷണത്തിനും

LIBRARY ARCHIVES Kerala Legislative Assembly